നെല്ലുല്പാദനം

1231. [1674] ശ്രീ. വി. ജെ തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-5-1982-നുശേഷം നെല്ലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ തോത് എത്ര ?

ഉത്തരം

(എ) ഇല്ല
(ബി) ഇല്ല

കാലവർഷക്കെടുതിമൂലം നെൽകൃഷിക്കുണ്ടായിട്ടുള്ള നഷ്ടം

1232 [1675] ശ്രീ. സി. കെ. ചക്രപാണി :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, സി. ടി. കൃഷ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷക്കെടുതി മൂലം സംസ്ഥാനത്തെ നെൽകൃഷിക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) നെൽകൃഷി നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസമായി എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്
(ബി)

ജില്ല	ഹെക്ടർ
തിരുവനന്തപുരം	277
കൊല്ലം	1800
പത്തനംതിട്ട	1430
കോട്ടയം	10500
ആലപ്പുഴ	25000
ഇടുക്കി	2000
തൃശ്ശൂർ	28880
എറണാകുളം	33000
പാലക്കാട്	1880
മലപ്പുറം	750
വയനാട്	75
കോഴിക്കോട്	3600
കണ്ണൂർ	760
കാസർഗോഡ്	1812
ആകെ	112,064

(സി) പൂർണ്ണമായി കൃഷി നശിച്ചവർക്ക് ഹെക്ടർ ഒന്നിന് 300 രൂപയും വീണ്ടും കൃഷി ചെയ്യുന്നതിലേക്ക് വിത്തും വളവും സൗജന്യമായി നൽകാനുമാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly